കോഴിക്കോട് ജില്ലയിലെ കന്ദമംഗലം, പാലക്കാട് ജില്ലയിലെ സുങ്കം, പറളി തുടങ്ങിയ ഹോസ്റ്റലുകളുടെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ

9 (*39) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പാരമ്പര്യേതര ഊർജ്ജ ഉത്പാദന പദ്ധതികൾ, അവയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ.ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം അനുബന്ധം 1 ആയി ചേർക്കുന്നു.* കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുകയും അവ പവർ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്സായി പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്. ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച (2013-14 വർഷം) വിവരം അനുബന്ധമായി ചേർക്കുന്നു.*

ചെറുകിട ജലവൈദ്യുത പദ്ധതികൾ, മൈക്രോ ജലവൈദ്യുത പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ചില പദ്ധതികളിൽ തടയണകളുടെയും വെള്ളം എടുക്കുന്ന സംവിധാനത്തിലും പ്രത്യേകിച്ച് ചെളി, ചപ്പുചവറുകൾ വന്നടിയുന്ന പ്രശ്നങ്ങൾ എന്നിവയുണ്ട്. പുതിയ പദ്ധതികളിൽ ഇവ പുനഃക്രമീകരിച്ചാൽ പദ്ധതികളുടെ ക്ഷമത വർദ്ധിപ്പിക്കുവാൻ സാധിച്ചേക്കും. പദ്ധതികൾക്കായുള്ള സ്ഥലം ഏറ്റെടുക്കുന്നതാണ് ഏറ്റവും കാലതാമസം നേരിടുന്ന പ്രശ്നമ്പർ പ്രത്യേകിച്ച് വനഭൂമി ഏറ്റെടുക്കുന്നത്. പദ്ധതികളിൽ നിന്നുമുള്ള പവർ ഇവാക്യുവേഷന് വേണ്ടി ചെലവാകുന്ന തുക കേന്ദ്രസഹായമായി കെ.എസ്.ഇ.ബി-ക്കോ പദ്ധതി നടത്തിപ്പുകാർക്കോ ലഭിച്ചാൽ ഇത്തരം പദ്ധതികൾ കുറെക്കൂടി ലാഭകരമായി നടത്താനും നിക്ഷേപകരെ ആകർഷിക്കുവാനും സാധിക്കും.

(ബി) ഉണ്ട്. സംസ്ഥാനത്തെ ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിനായി

---

* ലൈബറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കാൻ ലക്ഷ്യമാക്കി സംസ്ഥാനത്തെ തന്നെ ആദ്യ ശൃംഖലാബന്ധിത വികേന്ദ്രീകൃത സൗരോർജ്ജ പദ്ധതിയായ സോളാർ കണക്ട് പോലെ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കാനും അനെർട്ട് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലക്ഷ്യമിടുന്നതും, നടപ്പിലാക്കി വരുന്നതുമായ സൗരോർജ്ജ പദ്ധതികളുടെയും പവനോർജ്ജ പദ്ധതികളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്തു. ഇതിൽ രണ്ട് പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 78 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒൻപത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ ആകെ 87 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒൻപത് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രീകൺസ്ട്രക്ഷൻ സർവ്വേ പൂർത്തിയാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. പതിമൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആകെ 41 മെഗാവാട്ടിന്റെ നാല് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും 18 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും പുരോഗമിക്കുന്നു.

ഇ.എം.സി. വഴി സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതിയിൽ 50-ഓളം പദ്ധതികൾ മത്സര ദർഘാസിലൂടെ നൽകുവാനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖല

10 (*40) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടില്ലാത്തത് വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly